**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1463** **16-10-2026-ൽ മറുപടിയ്ക്ക്**

**വിള ഇൻഷുറൻസ് പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സി. കെ. ഹരീന്ദ്രൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കി വരുന്ന വിള ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിലവിൽ ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾ ഏതെല്ലാമാണെന്നും ഓരോ വിളയ്ക്കും ലഭിക്കുന്ന ഇൻഷുറൻസ് പരിരക്ഷയുടെ വിശദാംശവും വ്യക്തമാക്കാമോ;

**മറുപടി:**

**1) വിള ഇൻഷുറൻസ് പദ്ധതി (Crop Insurance Scheme)**

കർഷകരെ പ്രകൃതി ദുരന്തങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര വിള ഇൻഷുറൻസ് പദ്ധതി. 2026ൽ കൂടുതൽ വിളകളെ ഉൾപ്പെടുത്തിക്കൊണ്ട് പുനരാവിഷ്കൃത സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി വിപുലീകരിച്ചിട്ടുണ്ട്. തെങ്ങ്, വാഴ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറികൾ, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗങ്ങൾ, കിഴങ്ങുവർഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നിവയ്ക്ക് പുറമെ ചെറുധാന്യങ്ങളായ ചാമ, വരക്, തിന, പനിവരക്, കുതിരവാലി, കൂടാതെ മാവ് തുടങ്ങിയ 27 കാർഷിക വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പുനരാവിഷ്കൃത സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ സ.ഉ.(കൈ) നം. 32/2026/കൃഷി തീയതി 13.03.2026 പ്രകാരം ഈ വർഷം ചേമ്പ്, കാച്ചിൽ തുടങ്ങിയ അധിക കിഴങ്ങുവിളകളും പപ്പായ, റംബുട്ടാൻ, പേര, പാഷൻ ഫ്രൂട്ട്, സപ്പോട്ട, അവകാഡോ. ഡ്രാഗൺഫ്രൂട്ട്, ലിച്ചി എന്നീ ചെറുഫല വിളകളും പുഷ്പകൃഷിയും തേനീച്ചകൃഷിയും പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള പ്രായപരിധി, പ്രീമിയം നിരക്കുകളും, പ്രീമിയം തുകയിൽ സർക്കാർ നൽകിവരുന്ന സബ്സിഡിയുടെ ശതമാനവും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 1**- ആയി ചേർത്തിരിക്കുന്നു.

**2. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി ((RWBCIS – Restructured Weather Based Crop Insurance Scheme):**

കേന്ദ്രാവിഷ്കൃത പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല കാലാവസ്ഥ സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. വിജ്ഞാപനം ചെയ്ത term ഷീറ്റുകളുടെ അടിസ്ഥാനത്തിലാണ് ക്ലെയിം തുക നിശ്ചയിക്കുന്നത്. ഇതിനായി പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ കാലാവസ്ഥ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി (AICIL) മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ 14 ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 വിളകളെയും ഈ പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ബി)** 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ എണ്ണം വർഷം തിരിച്ച്, പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

**മറുപടി:** **അനുബന്ധം 2** ആയി ചേർക്കുന്നു.

**(സി)** പദ്ധതിയിൽ ഉൾപ്പെട്ട വിവിധ വിളകൾക്ക് കർഷകർ അടയ്ക്കേണ്ട രജിസ്ട്രേഷൻ ഫീസ്, പ്രീമിയം നിരക്ക് എന്നിവ എത്രയാണെന്നും ഓരോ ഇനത്തിലും സർക്കാർ വഹിക്കുന്ന പ്രീമിയം സബ്സിഡിയുടെ നിരക്കും ശതമാനവും എത്രയാണെന്നും വിളയിനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** പ്രത്യേക രജിസ്ട്രേഷൻ ഫീസ് എന്ന രീതിയിൽ ഈ പദ്ധതിയിൽ ഫീസ് ഈടാക്കുന്നില്ല, പകരം ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള പ്രീമിയം തുക അടച്ചാണ് രജിസ്റ്റർ ചെയ്യുന്നത്. വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു.

**(ഡി)** കാലാവസ്ഥാ വ്യതിയാനം, പ്രളയം, വരൾച്ച, ശക്തമായ മഴ, കാറ്റ്, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, കീട-രോഗബാധ തുടങ്ങിയ കാരണങ്ങളാൽ ഉണ്ടാകുന്ന വിളനാശം കൃത്യമായി വിലയിരുത്തുന്നതിനും നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനുമായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും മാനദണ്ഡങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഇൻഷുറൻസ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രധാന മാനദണ്ഡങ്ങളും നടപടിക്രമങ്ങളും താഴെ പറയുന്നവയാണ്:

- കർഷകർ ഇൻഷുറൻസിനായി AIMS പോർട്ടൽ വഴി വ്യക്തിഗതമായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.
- എസ്.എം.എസ് ലഭിച്ചതിനുശേഷം കർഷകർ 10 ദിവസത്തിനകം AIMS പോർട്ടൽ വഴി പ്രീമിയം അടയ്ക്കേണ്ടതാണ്.
- സീസണൽ, വാർഷിക വിളകളുടെ ഇൻഷുറൻസ് പരിരക്ഷ പ്രീമിയം അടച്ച തീയതി മുതൽ ഏഴ് ദിവസത്തിന് ശേഷം ആരംഭിച്ച് വിളവെടുപ്പ് ആരംഭിക്കുന്ന സമയത്ത് അവസാനിക്കുന്നതാണ്.
- പ്രകൃതിദുരന്തം ഉണ്ടായാൽ ദുരന്തം സംഭവിച്ച് 15 ദിവസത്തിനകം കർഷകർ AIMS പോർട്ടൽ വഴി കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, കടൽക്ഷോഭം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, സ്വാഭാവിക കാട്ടുതീ, വന്യജീവി ആക്രമണം എന്നിവ മൂലം വിളകൾക്ക് പൂർണ്ണ നാശം സംഭവിക്കുന്ന കർഷകർക്കാണ് ഇൻഷുറൻസ് നഷ്ടപരിഹാരം നൽകുന്നത്. നെല്ലിന്റെ കാര്യത്തിൽ കീട-രോഗബാധമൂലമുണ്ടാകുന്ന കൃഷിനാശത്തിനും നഷ്ടപരിഹാരം നൽകുന്നു.
- ഭാഗികമായ നാശനഷ്ടങ്ങൾ കണക്കിലെടുക്കുന്നതല്ല. എങ്കിലും നെല്ലിന്റെ കാര്യത്തിൽ 50 ശതമാനത്തിൽ കൂടുതൽ വിളനാശം ഉണ്ടായാൽ മുഴുവൻ നഷ്ടപരിഹാരവും നൽകുന്നതാണ്.

**(ഇ)** കഴിഞ്ഞ മൂന്ന് വർഷത്തെ കാലയളവിൽ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച ക്ലെയിം അപേക്ഷകളുടെ എണ്ണം വർഷം തിരിച്ച്, പഞ്ചായത്ത് അടിസ്ഥാനത്തിൽ എത്രയാണെന്നും അതിൽ തീർപ്പാക്കിയ ക്ലെയിമുകളുടെ എണ്ണവും

അനുവദിച്ച നഷ്ടപരിഹാര തുകയും തീർപ്പാക്കാതെ നിലവിൽ പരിഗണനയിലുള്ള ക്ലെയിമുകളുടെ എണ്ണവും അനുവദിക്കാനുള്ള തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** **അനുബന്ധം 3** ആയി ചേർക്കുന്നു.

**(എഫ്)** ക്ലെയിം അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് അർഹരായ കർഷകർക്ക് നഷ്ടപരിഹാരം വേഗത്തിൽ ലഭ്യമാക്കുന്നതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് കർഷകർക്ക് ലഭിക്കുന്ന കാർഷിക ഇൻഷുറൻസ് പരിരക്ഷ കൂടുതൽ ഫലപ്രദമാക്കുന്നതിനും നഷ്ടപരിഹാരം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും കൃഷിവകുപ്പ് താഴെ പറയുന്ന സമഗ്രമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:

- ഡിജിറ്റൽ പോർട്ടലുകൾ വഴി വേഗത്തിലുള്ള സേവനം: അപേക്ഷകളും ക്ലെയിമുകളും സുതാര്യമായും വേഗത്തിലും തീർപ്പാക്കുന്നതിനായി AIMS പോർട്ടൽ പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തിവരുന്നു.

- സൂക്ഷ്മ കാലാവസ്ഥാ വിവരശേഖരണം (WINDS): കാലാവസ്ഥ വ്യതിയാനങ്ങൾ കൃത്യമായി വിലയിരുത്തുന്നതിനായി വെതർ ഇൻഫർമേഷൻ നെറ്റ്‌വർക്ക് ഡാറ്റാ സിസ്റ്റത്തിന്റെ (WINDS) ഭാഗമായി കേരളത്തിൽ ആകെ 971 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളും (AWS), റെയിൻ ഗേജുകളും (ARG) സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

- ഫണ്ട് വിതരണം: കർഷകർക്ക് ആശ്വാസകരമാകുന്ന രീതിയിൽ നഷ്ടപരിഹാര തുക അടിയന്തരമായി അനുവദിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഗ്രികൾച്ചർ പ്രൊമോഷൻ ഫണ്ടിൽ നിന്നും (Agri Promotion Funds) കൃഷി വകുപ്പിലേക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ലഭ്യമായ ഈ ഫണ്ട് ഉപയോഗിച്ച് കണ്ടിജൻസി പ്രോഗ്രാമിന്റെയും, വിള ഇൻഷുറൻസിന്റെയും, കുടിശ്ശിക പൂർണ്ണമായി നൽകി തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 1

| വിളകൾ | ഇൻഷ്വർ ചെയ്യാൻ വേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ എണ്ണം/ വിസ്തീർണ്ണം | വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം | പ്രീമിയം | നഷ്ടപരിഹാര തോത് |
|---|---|---|---|---|
| തെങ്ങ് | 10 എണ്ണം | ഒരാണ്ടിൽ കുറഞ്ഞത് 30 നാളികേരമെങ്കിലും കായ്ഫലം നൽകുന്ന തെങ്ങുകൾ | തെങ്ങൊന്നിന് ₹ 2 ഒരു വർഷത്തേയ്ക്ക്. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് ₹ 5. | തെങ്ങൊന്നിന് ₹ 2,000 |
| കമുക് | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് ₹ 1.50. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് ₹ 3. | ഒരു മരത്തിന് ₹ 200 |
| റബ്ബർ | 25 എണ്ണം | കറയെടുക്കുന്ന മരങ്ങൾ | ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് ₹ 3. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ഒരു മരത്തിന് ₹ 1,000 |
| കശുമാവ് | 5 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് ₹ 3. 3 വർഷത്തേയ്ക്ക് ₹ 7.50 | ഒരു മരത്തിന് ₹ 750 |
| വാഴ<br>(എ) ഏത്തൻ, കപ്പ<br>(ബി) ഞാലിപ്പൂവൻ<br>(സി) മറ്റിനങ്ങൾ | 10 എണ്ണം | നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 5 മാസം വരെ | ഒരു വാഴയ്ക്ക് ₹ 3 | (എ) കുലയ്ക്കാത്തതിന് ₹ 150<br>(ബി) കുലയ്ക്കാത്തതിന് ₹ 100<br>(സി) കുലയ്ക്കാത്തതിന് ₹ 50<br>(എ) കുലച്ചതിന് ₹ 300 |

| | | | | |
|---|---|---|---|---|
| | | | | (ബി) കുലച്ചതിന് ₹ 200<br>(സി) കുലച്ചതിന് ₹ 75 |
| മരച്ചീനി | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷം 5 മാസം വരെ | 0.02 ഹെക്ടറിന് ₹ 3 | ഹെക്ടർ ഒന്നിന് ₹ 10,000 |
| കൈതച്ചക്ക | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷവും 6 മാസത്തിനകവും | 0.02 ഹെക്ടറിന് ₹ 37.50 | ഹെക്ടർ ഒന്നിന് ₹ 50,000 |
| കുരുമുളക് | 15 താങ്ങു മരങ്ങളിൽ ഉള്ളവ | കായ്പ തുടങ്ങിയവ | ഒരു താങ്ങു മരത്തിലുള്ളതിന് ഒരു വർഷത്തേയ്ക്ക് ₹ 1.50.<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഓരോ താങ്ങു മരത്തിലും ഉള്ളതിന് ₹ 200 വീതം |
| ഏലം | 0.4 ഹെക്ടർ | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് 0.4 ഹെക്ടറിന് ₹ 600/-<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 1500/- | 0.4 ഹെക്ടർ ₹ 24,000 |
| ഇഞ്ചി | 0.02 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 5 മാസം വരെ | 0.02 ഹെക്ടറിന് ₹ 15 | ഹെക്ടർ ഒന്നിന് ₹ 80,000 |
| മഞ്ഞൾ | 0.02 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ | 0.02 ഹെക്ടറിന് ₹ 15 | ഹെക്ടർ ഒന്നിന് ₹ 60,000 |
| കാപ്പി | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു ചെടിക്ക് ഒരു വർഷത്തേയ്ക്ക് ₹ 1.50.<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഒരു മരത്തിന് ₹ 350 |
| തേയില | 1 ഹെക്ടർ | ഇല എടുത്തു തുടങ്ങിയ ചെടികൾ | ഹെക്ടർ ഒന്നിന് ഒരു വർഷത്തേയ്ക്ക് ₹ 1,500. | ഹെക്ടർ ഒന്നിന് ₹ 70,000. ഇൻഷ്വർ ചെയ്തതിന്റെ 10 |

| | | | | |
|---|---|---|---|---|
| | | | 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3750 | ശതമാനമോ, 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകാവുന്നതാണ് |
| കൊക്കോ | 5 എണ്ണം | കായ്ഫലമുള്ളത് | ₹ 1.50 ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക്. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3 | ഒരു മരത്തിന് ₹ 300 |
| നിലക്കടല | 0.1 ഹെക്ടർ | നട്ട് കഴിഞ്ഞ് 1 മാസത്തിനുശേഷം 2 മാസത്തിനു മുമ്പ് | 0.1 ഹെക്ടറിന് ₹ 37.50 | ഹെക്ടർ ഒന്നിന് ₹ 12,000 |
| എള്ള് | 0.1 ഹെക്ടർ | വിതച്ച് ഒരാഴ്ച കഴിഞ്ഞ് 1 മാസം വരെ | 0.01 ഹെക്ടറിന് ₹ 37.50 | ഹെക്ടർ ഒന്നിന് ₹ 12,500 |
| പച്ചക്കറി (പന്തലുള്ളവയും, പന്തലില്ലാത്തവയും) | 0.04 ഹെക്ടർ | നട്ട് ഒരാഴ്ച കഴിഞ്ഞ് 1 മാസം വരെ | 10 സെന്റിന് ₹ 10 | പന്തലില്ലാത്തവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 25,000 പന്തലുള്ളവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 40,000 |
| ജാതി | 5 എണ്ണം | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഒരു മരത്തിന് ₹ 3. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ₹ 3,000 ഒരു മരത്തിന് |
| ഗ്രാമ്പു | 5 എണ്ണം | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഒരു മരത്തിന് ₹ 3. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50 | ₹ 1,000 ഒരു മരത്തിന് |
| വെറ്റില | 1 സെന്റ് | വിളവെടുപ്പ് ആരംഭിച്ചത് | ഒരു വർഷത്തേയ്ക്ക് സെന്റൊന്നിന് ₹ 7.50 | സെന്റൊന്നിന് ₹ 1,000 |

| | | | | |
|---|---|---|---|---|
| പയർ വർഗ്ഗങ്ങൾ | 0.10 ഹെക്ടർ | നട്ട് 2 ആഴ്ച കഴിഞ്ഞ് 1 1/2 മാസം വരെ | 0.10 ഹെക്ടറിന് ₹ 19 | ഹെക്ടറിന് ₹ 10,000 |
| കിഴങ്ങു വർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്) | 0.02 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ | ₹ 7.50 ചേന. ₹ 4.50 മധുരക്കിഴങ്ങ് | ചേന ഹെക്ടറിന് ₹ 35,000. മധുരക്കിഴങ്ങ് ഹെക്ടറൊന്നിന് ₹ 15,000 |
| കരിമ്പ് | 0.10 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ | 0.10 ഹെക്ടറിന് ₹ 90 | ഹെക്ടറൊന്നിന് ₹ 50,000 |
| പുകയില | 0.02 ഹെക്ടർ | നട്ട് 2 ആഴ്ച കഴിഞ്ഞ് 2 മാസം വരെ | 0.02 ഹെക്ടറിന് ₹ 3 | ഹെക്ടറൊന്നിന് ₹ 20,000 |
| നെല്ല് | 0.10 ഹെക്ടർ | നട്ട് അല്ലെങ്കിൽ വിതച്ച് 15 ദിവസം കഴിഞ്ഞ് 45 ദിവസം വരെ | 0.10 ഹെക്ടറിന് ₹ 25 | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 15,000. 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 35,000. കീടരോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |
| ചെറുധാന്യങ്ങൾ (കുവരക്, ചാമ, തിന, വരഗ്, പനി വരഗ്, കുതിരവാലി മുതലായവ) | 0.1 ഹെക്ടർ (25 സെന്റ്) | വിതച്ച് 15 ദിവസം കഴിഞ്ഞ് 45 ദിവസം വരെ | 0.1 ഹെക്ടറിന് ₹ 25 | വിതച്ച് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 10,000. 45 ദിവസത്തിന് ശേഷമുള്ള |

| | | | | |
|---|---|---|---|---|
| | | | | വിളകൾക്ക് ഹെക്ടറിന് ₹ 25000 |
| മാവ് | 5 മരങ്ങൾ | കായ്ഫലമുള്ളത് | 1 മരത്തിന് ഒരു വർഷത്തേയ്ക്ക് ₹ 10; 3 വർഷത്തേയ്ക്ക് ഒരുമിച്ച് അടച്ചാൽ ₹ 25 | 10 വർഷം വരെ പ്രായമുള്ളതിന് – ഒരു മരത്തിന് ₹ 1000. 10 വർഷത്തിനുമേൽ പ്രായമുള്ളതിന് – ഒരു മരത്തിന് ₹ 2000 |
| വാഴ (High density planting)<br><br>(എ) ഏത്തൻ, കപ്പ<br><br>(ബി) ഞാലിപ്പൂവൻ<br><br>(സി) മറ്റിനങ്ങൾ | 20 എണ്ണം | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷം 5 മാസം വരെ | 2m x 3m അകലത്തിൽ നടുന്ന രീതിയിൽ ഒരു കുഴിയിൽ രണ്ടു വാഴക്കന്നിന് 6 രൂപ (3332 കന്നുകൾ 1666 കുഴിയിൽ/1 ഹെക്ടറിൽ)<br><br>1.75m x 1.75m അകലത്തിൽ നടുന്ന രീതിയിൽ കന്നിന്റെ എണ്ണം അനുസരിച്ച് ഒരു കന്നിന് 3 രൂപ (3265 എണ്ണം/1 ഹെക്ടറിൽ) | (എ) കുലക്കാത്തതിന് 150 രൂപ, കുലച്ചതിന് 300 രൂപ<br><br>(ബി) കുലക്കാത്തതിന് 100 രൂപ, കുലച്ചതിന് 200 രൂപ<br><br>(സി) കുലക്കാത്തതിന് 50 രൂപ, കുലച്ചതിന് 75 രൂപ |
| പപ്പായ | 10 എണ്ണം | നട്ട് കഴിഞ്ഞ് ഒരു മാസത്തിനു ശേഷം 3 മാസം വരെ | ഒരു മരത്തിനു<br><br>3 രൂപ | ഒരു മരത്തിനു 300 രൂപ |
| പുഷ്പകൃഷി (ആന്തൂറിയം, ഓർക്കിഡ്, മുല്ല) | കുറഞ്ഞത് 25 ചെടികൾ (പൂച്ചട്ടികളിൽ)<br><br>അല്ലെങ്കിൽ 0.004 ഹെക്ടർ (1 സെന്റ് നിലത്ത് | പുതിയ ചെടികൾക്ക് നട്ട ഒരു ആഴ്ച കഴിഞ്ഞു ഒരു മാസം വരെ (പുതിയതായി നട്ടത്) | 3 രൂപ ഒരു ചെടിക്ക് | ഒരു ചെടിക്ക് 50 രൂപ (ആന്തൂറിയം, ഓർക്കിഡ്, മുല്ല) – രോഗ കീട ബാധ കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മാത്രം |

| | | | | |
|---|---|---|---|---|
| | നടുന്ന രീതിയിൽ) | | | |
| ചെറുഫല വിളകൾ (റംബൂട്ടാൻ, സപ്പോട്ട, ലിച്ചി, പേര, പാഷൻ ഫ്രൂട്ട്, ഡ്രാഗൺ ഫ്രൂട്ട്, അവക്കാഡോ) | 10 എണ്ണം | കായ്ഫലമുള്ളത് | ഒരു മരം/ചെടിയ്ക്ക് 5 രൂപ | ഒരു മരം/ചെടിയ്ക്ക് 500 രൂപ |
| തേനീച്ച | ഈച്ചയോടു കൂടിയ കൂട് 10 എണ്ണം | കൂടു സ്ഥാപിച്ചു കഴിഞ്ഞു | 5 രൂപ ഒരു തേനീച്ചക്കൂടിന് | ഒരു തേനീച്ചക്കൂടിന് 750 രൂപ |

**ദീർഘകാലവിളകൾക്ക് നടുന്നത് മുതൽ കായ്ച്ചുതുടങ്ങുന്നത് വരെയുള്ള കലയാളയിൽ നൽകുന്ന പ്രത്യേക ഇൻഷുറൻസ് സംരക്ഷണം**

| വിളകൾ | ഇൻഷർ ചെയ്യാൻ വേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ എണ്ണം/ വിസ്തീർണ്ണം | വിള ഇൻഷർ ചെയ്യാൻ വേണ്ട പ്രായം | അടക്കേണ്ട പ്രീമിയം | നഷ്ടപരിഹാര തോത് |
|---|---|---|---|---|
| തെങ്ങ് | 10 എണ്ണം | നട്ട് ഒരുമാസം മുതൽ 7 വർഷം വരെ | ഒരെണ്ണത്തിന് ഒരു വർഷത്തേക്ക് ₹ 1 മൂന്നുവർഷത്തേക്ക് ഒരുമിച്ചടച്ചാൽ ₹ 2 | ആദ്യത്തെ 3 വർഷത്തേക്ക് ഒരെണ്ണത്തിന് ₹200. 3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹400 |
| കമുക് | 10 മരങ്ങൾ | നട്ട് ഒരുമാസം മുതൽ 6 വർഷം വരെ | മൂന്നുവർഷത്തേക്ക് ഒരെണ്ണത്തിന് ₹1.50 | മൂന്നുവർഷം വരെ ഒരെണ്ണത്തിന്₹50. 3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹80 |
| റബ്ബർ | 25 എണ്ണം | നട്ട് ഒരുമാസം മുതൽ 7 വർഷം വരെ | മൂന്നുവർഷത്തേക്ക് ഒരെണ്ണത്തിന് ₹1.50 വീതം | മൂന്നുവർഷം വരെ ഒരെണ്ണത്തിന് ₹200. 3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹600. |

| | | | | |
|---|---|---|---|---|
| കശുമാവ് | 5 മരങ്ങൾ | നട്ട് ഒരുമാസം മുതൽ 3 വർഷം വരെ | മൂന്നുവർഷത്തേക്ക് 5 എണ്ണത്തിന് ₹4.50 | മൂന്നുവർഷം വരെ ഒരെണ്ണത്തിന് ₹100. |
| കുരുമുളക് | 15 താങ്ങു മരങ്ങളിലുള്ളവ | നട്ട് ഒരുമാസം മുതൽ 4 വർഷം വരെ | 15 താങ്ങു മരത്തിലുള്ളത് ഒരുവർഷത്തേക്ക് ₹7.50. മൂന്നുവർഷം ഒന്നിച്ചടച്ചാൽ ₹ 15 | ആദ്യത്തെ രണ്ടു വർഷം ഒരു താങ്ങുമരത്തിലുള്ളതിനു ₹50. 2 വർഷം മുതൽ 4 വർഷം വരെ ₹100 |
| മാവ് | 5 ഗ്രാഫ്റ്റ് | നട്ട് ഒരുമാസം മുതൽ കായ്ഫലം തുടങ്ങുന്നത് വരെ | ഒരു എണ്ണത്തിന് ഒരു വർഷത്തേക്ക് 2 രൂപ. 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 5 രൂപ | ഒരു എണ്ണത്തിന് 200 രൂപ |

Pradeep

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 2

| ക്രമ നം | കൃഷിഭവൻ | സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ എണ്ണം (വർഷം തിരിച്ച്) | | | | |
|---|---|---|---|---|---|---|
| | | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 |
| 1 | ആര്യൻകോട് | 78 | 59 | 39 | 55 | 48 |
| 2 | ഒറ്റശേഖരമംഗലം | 34 | 24 | 26 | 24 | 25 |
| 3 | കള്ളിക്കാട് | 5 | 3 | 7 | 3 | 2 |
| 4 | അമ്പൂരി | 2 | 1 | 7 | 2 | 2 |
| 5 | വെള്ളറട | 20 | 18 | 5 | 16 | 15 |
| 6 | കുന്നത്തുകാൽ | 58 | 67 | 48 | 52 | 56 |
| 7 | കൊല്ലയിൽ | 146 | 192 | 162 | 219 | 160 |
| 8 | പെരുങ്കടവിള | 62 | 135 | 85 | 100 | 88 |
| 9 | പാറശ്ശാല | 214 | 262 | 215 | 350 | 283 |
| | **ആകെ** | **619** | **761** | **594** | **821** | **679** |

Pradeep

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 3

| ക്രമ നം. | കൃഷിഭവൻ | 2023-24 | | | | |
|---|---|---|---|---|---|---|
| | | ക്ലെയിം അപേക്ഷകളുടെ എണ്ണം | തീർപ്പാക്കിയ ക്ലെയിമുകളുടെ എണ്ണം | അനുവദിച്ച നഷ്ടപരിഹാര തുക | തീർപ്പാക്കാതെ നിലവിൽ പരിഗണനയിലുള്ള ക്ലെയിമുകളുടെ എണ്ണം | അനുവദിക്കാനുള്ള തുക |
| 1 | ആര്യൻകോട് | 39 | 39 | 7,34,400 | 0 | 0 |
| 2 | ഒറ്റശേഖരമംഗലം | 6 | 6 | 68,100 | 0 | 0 |
| 3 | കള്ളിക്കാട് | 0 | 0 | 0 | 0 | 0 |
| 4 | അമ്പൂരി | 2 | 2 | 49,800 | 0 | 0 |
| 5 | വെള്ളറട | 2 | 2 | 9,950 | 0 | 0 |
| 6 | കുന്നത്തുകാൽ | 46 | 46 | 11,28,900 | 0 | 0 |
| 7 | കൊല്ലയിൽ | 92 | 92 | 22,77,680 | 0 | 0 |
| 8 | പെരുങ്കടവിള | 65 | 65 | 13,13,850 | 0 | 0 |
| 9 | പാറശ്ശാല | 144 | 144 | 23,24,100 | 0 | 0 |
| | **ആകെ** | **396** | **396** | **79,06,780** | **0** | **0** |

| ക്രമ നം. | കൃഷിഭവൻ | 2024-25 | | | | |
|---|---|---|---|---|---|---|
| | | ക്ലെയിം അപേക്ഷകളുടെ എണ്ണം | തീർപ്പാക്കിയ ക്ലെയിമുകളുടെ എണ്ണം | അനുവദിച്ച നഷ്ടപരിഹാര തുക | തീർപ്പാക്കാതെ നിലവിൽ പരിഗണനയിലുള്ള ക്ലെയിമുകളുടെ എണ്ണം | അനുവദിക്കാനുള്ള തുക |
| 1 | ആര്യൻകോട് | 31 | 31 | 8,57,550 | 0 | 0 |
| 2 | ഒറ്റശേഖരമംഗലം | 18 | 18 | 1,45,350 | 0 | 0 |
| 3 | കള്ളിക്കാട് | 0 | 0 | 0 | 0 | 0 |
| 4 | അമ്പൂരി | 0 | 0 | 0 | 0 | 0 |
| 5 | വെള്ളറട | 3 | 3 | 18,950 | 0 | 0 |
| 6 | കുന്നത്തുകാൽ | 40 | 40 | 14,39,500 | 0 | 0 |
| 7 | കൊല്ലയിൽ | 99 | 99 | 40,89,450 | 0 | 0 |
| 8 | പെരുങ്കടവിള | 75 | 75 | 13,52,100 | 0 | 0 |
| 9 | പാറശ്ശാല | 207 | 207 | 55,01,875 | 0 | 0 |
| | **ആകെ** | **473** | **473** | **1,34,04,775** | **0** | **0** |

| ക്രമ നം. | കൃഷിഭവൻ | 2025-26 | | | | |
|---|---|---|---|---|---|---|
| | | ക്ലെയിം അപേക്ഷകളുടെ എണ്ണം | തീർപ്പാക്കിയ ക്ലെയിമുകളുടെ എണ്ണം | അനുവദിച്ച നഷ്ടപരിഹാര തുക | തീർപ്പാക്കാതെ നിലവിൽ പരിഗണനയിലുള്ള ക്ലെയിമുകളുടെ എണ്ണം | അനുവദിക്കാനുള്ള തുക |
| 1 | ആര്യൻകോട് | 41 | 5 | 90,000 | 36 | 10,17,750 |
| 2 | ഒറ്റശേഖരമംഗലം | 9 | 1 | 6,450 | 8 | 76,400 |
| 3 | കള്ളിക്കാട് | 0 | 0 | 0 | 0 | 0 |
| 4 | അമ്പൂരി | 2 | 0 | 0 | 2 | 8,000 |
| 5 | വെള്ളറട | 7 | 6 | 62,700 | 1 | 39,000 |
| 6 | കുന്നത്തുകാൽ | 41 | 0 | 0 | 41 | 15,83,950 |
| 7 | കൊല്ലയിൽ | 118 | 12 | 2,51,100 | 106 | 49,48,100 |
| 8 | പെരുങ്കടവിള | 58 | 0 | 0 | 58 | 20,60,850 |
| 9 | പാറശ്ശാല | 228 | 228 | 4,06,350 | 0 | 53,60,100 |
| | **ആകെ** | **504** | **252** | **8,16,600** | **252** | **1,50,94,150** |

Pradeep

സെക്ഷൻ ഓഫീസർ